പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4390 28/06/2012 ൽ മറുപടിയ്ക്ക്

**റീസർവ്വേ പൂർത്തിയാക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള: | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റീസർവ്വെ ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ആകെയുള്ള 1635 റവന്യൂ വില്ലേജുകളിൽ 774 വില്ലേജുകളുടെയും 29 ബ്ലോക്കുകളുടെയും റീസർവ്വേ ഫീൽഡ്/ ഓഫീസ് ജോലി പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 9 വില്ലേജുകളുടെയും ഒരു ബ്ലോക്കിന്റെയും റീസർവ്വെ ഫീൽഡ്/ ഓഫീസ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. 77 വില്ലേജുകളുടെയും 86 ബ്ലോക്കുകളുടെയും റീസർവ്വേ ഫീൽഡ് ജോലി പൂർത്തിയാക്കിയിട്ടുണ്ട്. 307 വില്ലേജുകളുടെ റീസർവ്വേ ജോലി പുരോഗതിയിലുമാണ്. 468 വില്ലേജുകളിൽ റീസർവ്വെ ആരംഭിച്ചിട്ടില്ല. |
| (ബി) റീസർവ്വേ ജോലികൾ ഇതിനകം എത്ര വില്ലേജുകളിൽ പൂർത്തിയാക്കി യിട്ടുണ്ടെന്നും എത്ര വില്ലേജുകളിൽ പുരോഗമിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | |
| (സി) സ്വകാര്യ ഏജൻസികളുടെ സഹായത്തോടെ റീസർവ്വെ നടപടികൾ പൂർത്തീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; | (സി) | ഇല്ല |
| (ഡി) എങ്കിൽ ഏത് ഏജൻസിയെ ഇതിനായി ചുമതലപ്പെടുത്തിയി ട്ടുണ്ടെന്നും എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ഡി) | ബാധകമല്ല. |

| | | | |
|---|---|---|---|
| (ഇ) | നിലവിലെ ജീവനക്കാർക്ക് പരിശീലനം നൽകി ഒരു വർഷത്തിനകം റീസർവ്വെ ജോലികൾ പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരി ക്കുമോ ; | (ഇ) | ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി നടന്നു വരുന്നു. |
| (എഫ്) | ഇതിനായി സർവ്വേയും ഭൂരേഖയും വകുപ്പിൽ ഒഴിവുള്ള തസ്തികകളിൽ ഉടൻ നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുമോ ? | (എഫ്) | നിലവിലുള്ള ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ